

യോഹ. 20:1–18

# വചനസന്ദേശം

റവ. ഫാ. തോമസ് പെരേപ്പാടൻ

ഇന്ന് ഉയിർപ്പു തിരുനാൾ. ലോകം അന്ധാളിച്ച ദിനം. ശാസ്ത്രതത്ത്വങ്ങൾ കീഴ്മേൽ മറിഞ്ഞ ദിവസം. യേശുശിഷ്യർ അത്ഭുതത്തോടെ ദൈവമഹത്ത്വം ദർശിച്ച ദിനം. മൃതശരീരം ഒരിക്കൽപ്പോലും വീണ്ടും ജീവൻ പ്രാപിക്കില്ലായെന്ന ശാസ്ത്രതത്ത്വംപോലും അന്നു ലംഘിക്കപ്പെട്ടു. ക്രിസ്തുവിന്റെ മരണം ഉറപ്പാക്കി കല്ലറയിൽ ശരീരത്തിനു കാവൽ നിർത്തിയവർ തീർച്ചയായും ആ ശരീരം തപ്പി, നാട് മുഴുവൻ അരിച്ചു പെറുക്കി കാണണം. ശിഷ്യരുടെ വാദം ശരിയല്ലെന്നു തെളിയിക്കേണ്ടത് അവരുടെ ആവശ്യമായിരുന്നു. പക്ഷേ, അവരെ മാത്രമല്ല സഭയെ പീഡിപ്പിക്കാൻ കച്ചകെട്ടിയിറങ്ങിയ സാവൂൾപോലും 20 വർഷങ്ങൾക്കുശേഷം വിളിച്ചുപറഞ്ഞു: "ക്രിസ്തു ഉയിർപ്പിക്കപ്പെട്ടിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം. നിങ്ങളുടെ വിശ്വാസവും വ്യർത്ഥം."

യേശുവിന്റെ ഉയിർപ്പു നമ്മെ ബോദ്ധ്യപ്പെടുത്തുന്ന ചില സത്യങ്ങളുണ്ട്. നീയും ഒരു ദിനം ഉയിർക്കും. മരണം അന്ത്യമല്ല, ഇതിനപ്പുറം ഒരു ജീവിതമുണ്ടെന്ന സത്യം എപ്പോഴും ഓർക്കണം. യേശുവിനെപ്പോലെ ഞാനും ഉയിർക്കുമെന്നു സ്വപ്നം കാണാൻ കഴിയണം. യേശുവിനെപ്പോലെ ഉയിർക്കണമെങ്കിൽ അതുപോലെ ജീവിക്കാനാകണം. യേശുവിന്റെ സ്വാധീനം നിന്നിൽ എത്രയുണ്ട്? നിന്റെ ജീവിതത്തിന്റെ ലക്ഷ്യമെന്താണ്? നിന്റെ പ്രവർത്തനങ്ങളുടെ ഉദ്ദേശ്യമെന്താണ്? നിന്റെ ഹൃദയം, നിന്റെ നിക്ഷേപം എവിടെയാണ്? ഈ ചോദ്യങ്ങളുടെ ഉത്തരമനുസരിച്ചായിരിക്കും നിന്റെ ഉയിർപ്പ് എപ്രകാരമായിരിക്കുമെന്നു തീരുമാനിക്കപ്പെടുന്നത്. നിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ക്രിസ്തുകേന്ദ്രീകൃതമല്ലെന്നുണ്ടെങ്കിൽ ഒന്നു തീർച്ച - നീ പാളം തെറ്റിയ വണ്ടിതന്നെ. നിന്റെ ചിന്ത മുഴുവൻ എപ്പോഴും നിന്റെ വീട്, നിന്റെ കാറ്, നിന്റെ ബാങ്ക് ബാലൻസ്, നിന്റെ ബിസിനസ്സ്, നിന്റെ ഷെയർ മാർക്കറ്റ് എന്നിവയിൽ മാത്രമാണെങ്കിൽ നിന്റെ ജീവിതവണ്ടിയുടെ പാളം തെറ്റിക്കഴിഞ്ഞു. മഹത്ത്വമേറിയ ഉയിർപ്പു മനസ്സിൽ കണ്ടുകൊണ്ടു ജീവിക്കാൻ കഴിയുമ്പോൾ ജീവിതവും മരണവും മരണാനന്തരവും മഹത്ത്വമേറിയതായി മാറും.

കല്ലറയുടെ കല്ല് ഉരുട്ടി ആരു മാറ്റുമെന്ന ചോദ്യം അന്നു സ്ത്രീകളിൽനിന്ന് ഉയർന്നു. ഉയിർത്തെഴുന്നേറ്റ, മഹത്ത്വമേറിയ യേശുവിനെ കാണാൻ തടസ്സമായ നിന്റെ മനസ്സിലെ കല്ല് ഉരുട്ടിമാറ്റാൻ നിനക്കു കഴിഞ്ഞാലേ ഉയിർപ്പു തിരുനാൾ ആഘോഷിക്കാൻ നിനക്കാവൂ. അതിനു ദൈവസഹായം നീ പ്രാർത്ഥിക്കണം. ക്രൈസ്തവ വിശ്വാസത്തിന്റെ മൂലക്കല്ലാണ് ഈസ്റ്റർ സംഭവം. ഉയിർപ്പില്ലെങ്കിൽ ക്രൈസ്തവവിശ്വാസവും മറ്റു വിശ്വാസങ്ങളും തമ്മിൽ ഒരു വ്യത്യാസവും ഉണ്ടാവില്ല.

"എന്റെ ദൈവമേ, എന്റെ ദൈവമേ എന്തുകൊണ്ട് എന്നെ ഉപേക്ഷിച്ചു" എന്ന കുരിശിലെ ചങ്കുപൊട്ടിയുള്ള പുത്രന്റെ ചോദ്യത്തിന് ഉത്തരമാണ് ഈസ്റ്റർ. പുത്രനിൽ പിതാവു സംപ്രീതനായതിന്റെ തിരുനാൾ. ദൈവത്തിന്റെ പ്രീതിയുടെ തിരുനാൾ. നിന്റെ ജീവിതത്തിലും അനേകവട്ടം ഇതേ ചോദ്യം നീയും ചോദിച്ചു കാണും. നിനക്കുള്ള ഉത്തരമാണ് ഈ തിരുനാൾ. കഷ്ടതയുടെ ദിനരാത്രങ്ങൾ മാറി ദൈവപ്രീതിയുടെ ദിവസമുണ്ട് എന്ന വലിയ സത്യം ഒരിക്കൽക്കൂടി ഓർമിപ്പിക്കാൻ ഈസ്റ്റർ തിരുനാൾ!

കുരിശിൽ കിടന്നു പിടഞ്ഞപ്പോൾപ്പോലും സഹായത്തിനായി ഒരു ദൈവദൂതനെയും പിതാവ് അയച്ചില്ല. മനുഷ്യരക്ഷയ്ക്കുവേണ്ടിയുള്ള പുത്രന്റെ മനുഷ്യാവതാരത്തിന്റെ പൂർണതയ്ക്കായി പിതാവു കാത്തിരുന്നു. എന്നാൽ ഉയിർപ്പിനു പിതാവു ദൈവദൂതന്മാരെ പ്രത്യേകം നിയോഗിച്ചു. ഒരുപക്ഷേ, യേശുവിന്റെ മുഖാവരണമെടുത്തു മാറ്റിയതും കച്ച മടക്കി യഥാസ്ഥാനത്തു വച്ചതും കല്ലറയുടെ കല്ലുരുട്ടി മാറ്റിയതും ഈ ദൂതന്മാരാകണം.

ജീവിതഭാരത്താൽ നീ ഒത്തിരി ക്ഷീണിതനാണെങ്കിൽ ഒരുപക്ഷേ, കല്ലറയ്ക്കകത്തെന്നപോലെ ബന്ധിതനാണെങ്കിൽ പാപത്തിന്റെ കെട്ടുകളിൽ രക്ഷപ്പെടാനാകാതെ ഏറെ ക്ലേശിക്കുന്നുണ്ടെങ്കിൽ ഈ ദിനം നിന്റേതാണ്. സ്നേഹപിതാവു നിനക്കായി തന്റെ ദൂതനെ അയയ്ക്കുന്ന ദിവസം നിന്റെ മഹത്ത്വത്തിന്റെ ദിവസം അമാനുഷികമെന്ന് ഏവരും വിളിച്ചുപറുയമ്പോൾ നിന്റെ ദൈവം നിന്നിൽ ഇടപെടുന്ന, നിന്റെ കെട്ടു

കൾ തകർക്കുന്ന ഏറ്റവും മഹത്ത്വമേറിയ തിരുനാൾ ദിനം.

ഒഴിഞ്ഞ കല്ലറയ്ക്കു മുമ്പിൽനിന്നും തർക്കിക്കാനോ വാദിക്കാനോ അന്നത്തെ ആ സ്ത്രീകൾ ശ്രമിച്ചില്ല. മറിച്ച് അവർ പോയി മറ്റു ശിഷ്യരോട് ഉയിർപ്പിന്റെ വിവരം വിളിച്ചു പറഞ്ഞു. "അവൻ ഇവിടെയില്ല, താൻ അരുളിച്ചെയ്തതുപോലെ അവൻ ഉയിർപ്പിക്കപ്പെട്ടു എന്ന സുവിശേഷസത്യത്തിന് ഈ സ്ത്രീകൾ സാക്ഷികളായി. അവർ അതു വിളിച്ചുപറഞ്ഞു. ശിഷ്യന്മാർ അതു സ്വീകരിച്ചു. ഉയിർപ്പു തിരുനാൾ ആഘോഷിക്കുന്ന നമ്മുടെ ഉത്തരവാദിത്വവും അതുതന്നെ. ക്രിസ്തു ഉയിർത്തുവെന്നും ഇന്നും ജീവിക്കുന്നുവെന്നും ഈ ലോകത്തോടു വിളിച്ചുപറയേണ്ടവരാണു നാം. നമ്മുടെ ജീവിതം അതിനു സാക്ഷ്യം വഹിക്കണം. ഇനി ഞാനല്ല ക്രിസ്തു എന്നിൽ ജീവിക്കുന്നുവെന്നു ജീവിതംകൊണ്ടു പറയുമ്പോൾ ഈ ഉയിർപ്പു തിരുനാൾ മഹത്ത്വത്തിന്റെ തിരുനാളാകും. ഏവർക്കും ഉയിർപ്പുതിരുനാൾ മംഗളങ്ങൾ!